ആയൂർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

7 (*530) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിപണനത്തിലുള്ള ആയൂർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(സി) ആസവങ്ങൾ, അരിഷ്ടങ്ങൾ, ലേഹ്യങ്ങൾ എന്നിവയിൽ നിർദ്ദിഷ്ട മരുന്നുകൾ വേണ്ട അളവിൽ ചേർത്തിട്ടുണ്ടോ എന്നറിയുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ;

(ഡി) ശരിയായ രീതിയിലല്ലാതെ ആയൂർവേദ മരുന്നുകൾ തയ്യാറാക്കി വിൽക്കുന്നവരുടെ ആയൂർവേദ മരുന്നുകൾക്ക് ഡ്രഗ്സ് കൺട്രോളർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ&ബി) ഉണ്ട്. വിൽപ്പനയ്ക്കായി ആയൂർവേദ മരുന്നുകൾ നിർമ്മിക്കുന്നതിന് 1945-ലെ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം നൽകുന്ന ലൈസൻസ് ആവശ്യമാണ്. ഇത് പ്രകാരം എല്ലാ ഔഷധ നിർമ്മാണ യൂണിറ്റുകളിലും നിർദ്ദിഷ്ട യോഗ്യതയുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനവും മേൽനോട്ടവും ഔഷധനിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ആവശ്യമാണ്. ആയൂർവേദ ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ 'ടി'യിൽ 'ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് ഫോർ ആയൂർവേദിക്, സിദ്ധ ആന്റ് യുനാനി മെഡിസിൻസ്' എന്ന ഭേദഗതി ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഔഷധനിർമ്മാണ സ്ഥാപനങ്ങൾ ഈ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടോ എന്നുള്ളത് ആയൂർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

(സി) ആസവങ്ങൾ, അരിഷ്ടങ്ങൾ, ലേഹ്യങ്ങൾ എന്നിവയിൽ നിർദ്ദിഷ്ട മരുന്നുകൾ വേണ്ട അളവിൽ ചേർത്തിട്ടുണ്ടോയെന്നറിയുവാൻ ലബോറട്ടറി പരിശോധനകൾ കൊണ്ട് സാദ്ധ്യമല്ല. ആയൂർവേദവുമായി ബന്ധപ്പെട്ട ആധികാരിക ഗ്രന്ഥങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള നിർമ്മാണ രീതി അനുസരിച്ച് ഔഷധങ്ങളിൽ നിർദ്ദിഷ്ട മരുന്നുകൾ കൃത്യമായ അളവിൽ ചേർക്കേണ്ടതാണ്. നിർമ്മാണ യൂണിറ്റുകളിൽ നിയമപ്രകാരം സൂക്ഷിക്കേണ്ട രേഖകളും നിർമ്മാണരീതിയും പരിശോധിച്ച് ഇത് ഉറപ്പുവരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശരിയായ രീതിയിൽ അല്ലാതെ ഔഷധ നിർമ്മാണം നടത്തുന്നതായി കണ്ടെത്തുന്ന കേസുകളിൽ നിർമ്മാതാവിനെതിരെ 1940-ലെ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ആയുർവേദ യുനാനി മരുന്ന് വിതരണം

8 (*531) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എം. പി. ഗംഗാധരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര കുടുംബാരോഗ്യ മന്ത്രാലയത്തിന് പ്രജനന ശിശു ആരോഗ്യ പദ്ധതിയിൽപ്പെടുത്തി ഗർഭിണികൾക്കും കുട്ടികൾക്കും ആയുർവേദ യുനാനി മരുന്നു നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ;

(ബി) ഈ പദ്ധതിപ്രകാരം സംസ്ഥാനത്തിന് ഏതെല്ലാം തരത്തിൽ ഉള്ള മരുന്നുകൾ ലഭിക്കുകയുണ്ടായി ;

(സി) പ്രസ്തുത മരുന്നുകൾ കുട്ടികൾക്കും ഗർഭിണികൾക്കും വിതരണം ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്നുമുതലാണ് ഇത്തരം വിതരണം തുടങ്ങിയത് ;

(ഇ) ടി മരുന്ന് നാളിതുവരെ വിതരണം ചെയ്യാത്ത പക്ഷം ആയതിനുള്ള കാരണം വ്യക്തമാക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) ഐ.എസ്.എം. കിറ്റ് നമ്പർ 1 എന്ന കിറ്റാണ് ലഭ്യമായിട്ടുള്ളത്. അതിൽ അർക്ക അജ്വിൻ, അർക്ക പുതിന, ബലരസായന ടാബ്ലറ്റ്, ക്ഷീരബല തൈലം, സൗഭാഗ്യ ശുണ്ഠി എന്നീ 5 മരുന്നുകളാണുള്ളത്.

(സി&ഡി) വിതരണം ചെയ്യുവാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഇ) ഒന്നാമത്തെ കിറ്റിലുള്ള മരുന്നുകൾ ഹെൽത്ത് സർവ്വീസിലുള്ള നെഴ്സുമാർ വഴി സബ്സെന്ററുകളിൽ വിതരണം ചെയ്യപ്പെടേണ്ടവയാണ്. ഇപ്രകാരമുള്ള വിതരണത്തിന് നഴ്സുമാർക്കും ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും പരിശീലനം നൽകണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച് തീരുമാനം സർക്കാർ ഇതുവരെ എടുത്തിട്ടില്ല. ഇതാണ് മരുന്നുവിതരണം ചെയ്യാൻ വന്ന കാലതാമസത്തിനു കാരണം.

LIBRARY ARCHIVES Kerala Legislative Assembly